# ഉറപ്പും ധൈര്യവുമുള്ളവരാകുക

## യോശുവ 1:9

"നിന്റെ ദൈവമായ യഹോവ നീ പോകുന്നിടത്തൊക്കെയും നിന്നോടു കൂടെ ഉള്ളതുകൊണ്ട് ഉറപ്പും ധൈര്യവുമുള്ളവനായിരിക്കുക; ഭയപ്പെടരുത്, ഭ്രമിക്കയും അരുത് എന്ന് ഞാൻ നിന്നോടു കല്പിച്ചുവല്ലോ."

ഒരു ദൈവപൈതലിന്റെ ജീവിതത്തിലെ ഉറപ്പും ധൈര്യവും അവന്റെ ദൈവത്തിൽ മാത്രമാണല്ലോ. അവിടുത്തെ വചനത്തിൽ മാത്രമായിരിക്കണം നമ്മുടെ ഉറപ്പ്. ആകാശവും ഭൂമിയും മാറിപ്പോയാലും ദൈവത്തിന്റെ വചനത്തിന് ഒരു മാറ്റവുമില്ലല്ലോ. ആ വചനം രാവും പകലും നമ്മുടെ ധ്യാനമായിരിക്കണം. അങ്ങനെയെങ്കിൽ ഒന്നിന്റെ മുമ്പിലും പതറുവാനോ അധൈര്യപ്പെടുവാനോ സംഗതി വരുകയില്ല. ലോകമക്കളെക്കാൾ നമ്മെ വ്യത്യാസപ്പെടുത്തുന്നത് ദൈവത്തിലുള്ള പൂർണ്ണമായ ആശ്രയവും ഉറപ്പുമാണ്.

ലോകാവസാനത്തോളം കൂടെയുണ്ട് എന്ന വാഗ്ദത്തം ചെയ്ത കർത്താവ് നമുക്കുള്ളപ്പോൾ നാം എന്തിന് ഭാരപ്പെടണം. കർത്താവിന്റെ മറ്റൊരു വചനം ഇപ്പോൾ നമ്മുടെ ശ്രദ്ധയിലേക്ക് തിരിക്കാം; 'ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്, എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.' ഇവിടെയും ധൈര്യപ്പെടുവാനാണ് ദൈവത്തിന്റെ കല്പന.

ഈ ധൈര്യം പ്രാപിക്കണമെങ്കിൽ പ്രാർത്ഥനയോടെ ദൈവസന്നിധിയിലേക്ക് കൂടുതൽ അടുത്തു ചെല്ലേണ്ടതായിട്ടുണ്ട്. ദൈവവചനം വായിക്കുമ്പോഴും ധ്യാനിക്കുമ്പോഴുമാണ് ഈ ഉറപ്പ് നമുക്ക് ലഭിക്കുന്നത്. ദാവീദ് ഗോല്യാത്തിനെ തോല്പിച്ച കഥ നമുക്കറിയാമല്ലോ. ആജാനുബാഹുവായിരുന്ന ഗോല്യാത്തിനെതിരെ യുദ്ധത്തിനു ചെല്ലുവാൻ തക്കവണ്ണം ദാവീദിനുണ്ടായ ധൈര്യം എവിടെനിന്നാണ് കിട്ടിയതെന്ന് നമുക്കൊന്ന് പരിശോധിക്കാം. അവിടെ ദാവീദ് പറയുന്ന ഒരു വാക്യമുണ്ട്-: 'നീ നിന്ദിച്ച യിസ്രായേലിന്റെ ദൈവമായ യഹോവയുടെ നാമത്തിൽ ഞാൻ നിനക്കെതിരായി വരുന്നു.'

ഇവിടെ ദാവീദിന്റെ ജീവിതത്തിൽ അവൻ പൂർണ്ണമായും തന്റെ ദൈവത്തിന്റെ ശക്തിയിൽ ആശ്രയിക്കുന്നതായി മനസ്സിലാകുന്നു. യഹോവ ഇന്ന് നിന്നെ എന്റെ കയ്യിൽ തന്നിരിക്കുന്നുവെന്ന് യുദ്ധം ജയിച്ചിട്ടല്ല മറിച്ച് യുദ്ധത്തിനു പുറപ്പെടുമ്പോൾ തന്നെ ദാവീദ് തെല്ലും സംശയമെന്യേ ഉറപ്പിച്ചു പറയുന്നതായി നാം വായിക്കുന്നുവല്ലോ. ഇതാണ് ഒരു ഭക്തന്റെ ശരിയായിട്ടുള്ള ഉറപ്പ് എന്നു പറയുന്നത്.

ഇന്നു നം ആയിരിക്കുന്ന ചുറ്റുപാടിലും നമുക്കെതിരെയുള്ള ശത്രുവിന്റെമേൽ പൂർണ്ണമായ ജയം ലഭിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് ഉറപ്പോടെ ധൈര്യത്തോടെ പറയുവാനും

പ്രഖ്യാപിക്കുവാനും നമുക്ക് കഴിയുന്നുവോ? അവിടെയാണ് ഒരു ദൈവപൈതലിന്റെ വിശ്വാസത്തിന്റെ ആഴം മനസ്സിലാകുന്നത്. അങ്ങനെ പറയുവാൻ കഴിയുന്നില്ലെങ്കിൽ ഇനിയും കർത്താവിലുള്ള വിശ്വാസത്തെ വർദ്ധിപ്പിച്ചു തരണമേ എന്ന് ആത്മാർത്ഥമായി നമുക്ക് പ്രാർത്ഥിക്കാം.

ഒരു നാളും കൈവിടുകയില്ല എന്നു പറഞ്ഞ കർത്താവു കൂടെയുള്ളതുകൊണ്ട് നാം പ്രാർത്ഥിക്കുകയും യാചിക്കുകയും ചെയ്യുന്ന കാര്യങ്ങൾ നമുക്ക് ലഭിച്ചു കഴിഞ്ഞിരിക്കുന്നുവെന്ന് വിശ്വാസക്കണ്ണുകളാൽ കാണുവാൻ നമുക്കിടയാവട്ടെ. അതിനായി ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഏവരെയും ഉറപ്പിക്കുകയും ധൈര്യപ്പെടുത്തുകയും ചെയ്യട്ടെ.

പരാമർശം :
**ആവർത്തനം 3:22**

'നിങ്ങൾ അവരെ ഭയപ്പെടരുത്; നിങ്ങളുടെ ദൈവമായ യഹോവയല്ലോ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യുന്നത്.'

## സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 022